# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 18, തിങ്കൾ

**നമ്പർ 133**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം:**

സംസ്ഥാനത്ത്, പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ, കാലവർഷം സൃഷ്ടിച്ച നാശനഷ്ടങ്ങൾ മറികടക്കുന്നതിന് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പാറക്കൽ അബ്ദുല്ലയും മറ്റ് മൂന്നംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ:**

(1) സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലുണ്ടായ കാലവർഷക്കെടുതികൾ പരിഹരിക്കുന്നതിന് നിലവിൽ നടന്നുവരുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ തീവ്രമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് പകർച്ചപ്പനിക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. രമേശ് ചെന്നിത്തല | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ. വി. കെ. കൃഷ്ണന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | പ്രവാസി പുനരധിവാസവും ക്ഷേമ പെൻഷൻ പദ്ധതിയും | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എസ്. ശബരീനാഥൻ | സായുധസേന എ.ഡി.ജി.പി.യുടെ ഔദ്യോഗിക ഡ്രൈവറെ എ.ഡി.ജി.പി.യുടെ മകൾ മർദ്ദിച്ചത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | പട്ടികജാതി ക്ഷേമവകുപ്പിന് കീഴിലുള്ള വർക്കല ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എസ്. ശർമ്മ | കുഴിപ്പിള്ളി ബീച്ചിൽ കടലിൽ കുളിക്കാനിറങ്ങിയ കുട്ടികളെ കാണാതായത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ജെയിംസ് മാത്യു | കുറുമാത്തൂർ വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുക്കേണ്ട ഭൂമിക്ക് പട്ടയം നല്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ | ജലവിഭവവകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീ. കെ. വി. വിജയദാസ് | പാലക്കാട് ജില്ലയിലെ വരൾച്ചാദുരിതാശ്വാസ ഇൻഷ്വറൻസ് തുക വിതരണം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഗീതാ ഗോപി | തൃപ്രയാർ ഗവ. ആശുപത്രിയിൽ മാമോഗ്രാം സൗകര്യം ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ആശാവർക്കർമാരുടെ വേതനവർദ്ധനവ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. കെ. ശശി | സർക്കാർ വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ കീഴിലുള്ള റിസോഴ്സ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

(1) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016-17 വർഷത്തെ തദ്ദേശസ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്:

(2) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2016-17 വർഷത്തെ ജനറൽ സോഷ്യൽ സെക്ടറുകളെക്കുറിച്ചുള്ള റിപ്പോർട്ട്:

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്:

(2) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്:

(3) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2018 മാർച്ച് 31 വരെയുള്ള ഇടക്കാലിക റിപ്പോർട്ട്:

(4) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(6) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(7) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിനാല് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ.

(8) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട്.

(9) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ.

<u>ചട്ടം 218 പ്രകാരമുള്ള പ്രമേയം :</u>

2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നതിനായി ചട്ടം 218 പ്രകാരം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു

"2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശകസമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 21-6-2018-ന് സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച പ്രസ്തുത ബില്ലിൻമേലുള്ള പരിഗണന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ കാര്യോപദേശക സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട്, 21-6-2018-ന് സഭ പരിഗണിക്കുവാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 25-6-2018-ലേക്ക് മാറ്റാനും, പകരം 25-6-2018-ന് പരിഗണിക്കുവാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന 21-6-2018-ലേക്ക് മാറ്റാനും ഈ സഭ തീരുമാനിക്കുന്നു."

## നിയമനിർമ്മാണകാര്യം:

### I. 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും:

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. ജോയി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. എം. ഉമ്മർ

ശ്രീ. എം. സ്വരാജ്

ശ്രീ. എ. പി. അനിൽ കുമാർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞു. തുടർന്ന് 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കുകയും വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

### II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(1) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സർവ്വശ്രീ മഞ്ഞളാംകുഴി അലി, അനിൽ അക്കര, കെ. എസ്. ശബരീനാഥൻ, പി. ഉബൈദുള്ള എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി വീണാ ജോർജ്ജ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. വി. അബ്ദുൾ ഖാദറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സി. കെ. നാണുവും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി യു. പ്രതിഭ ഹരിയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി ഗീതാ ഗോപിയും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. സി. ജോസഫും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി അയിഷാ പോറ്റിയും അവതരിപ്പിച്ച് സംസാരിച്ചു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ താഴെപ്പറയുന്ന ഭേദഗതികളോടെയും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഭേദഗതികൾ കൂടാതെയും പാസ്സാക്കുകയും ചെയ്തു.

I. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ :</u>

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും പകരം, "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;"

2. ഖണ്ഡം 2 (1)(ബി)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടനിർമ്മാണമോ" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

4. പ്രധാന ആക്ടിലെ വകുപ്പ് 407(2)ന ശേഷമുള്ള വിശദീകരണത്തിൽ "വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ" എന്നതിനുപകരം "വിരുദ്ധമായി നിർമ്മിച്ചതോ, കൂട്ടിച്ചേർത്തതോ, പുനർനിർമ്മിച്ചതോ" എന്നാക്കുക.

II. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ :</u>

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2-ൽ

(i) ഉപഖണ്ഡം1(ബി) താഴെപ്പറയും പ്രകാരം മാറ്റുക;

"(ബി) "കെട്ടിട നിർമ്മാണമോ"എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;"

(ii) 2-ാം ഉപഖണ്ഡത്തിൽ, "എന്ന വാക്കുകൾ" എന്നതിനു പകരം "എന്ന വാക്കുകളും "പുനർനിർമ്മിച്ചതോ" എന്ന വാക്കിനുശേഷം "കൂട്ടിച്ചേർത്തതോ" എന്ന വാക്കും ചേർക്കേണ്ടതാണ്." എന്ന് ചേർക്കുക.

2. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

2018 ജൂൺ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.50-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eleventh Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, June 18, 2018*

**No. 133**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Revenue and Housing and the Chief Minster, the Speaker withheld consent to the moving of an adjournment motion given the notice of by Shri Parakkal Abdulla and three other Members regarding the casualities caused by the monsoon havoc in the state especially in northern districts and the necessity to accelerate the disaster management activities.

In protest against the attitude of the Government in the matter, the Members belonging to the opposition, staged a walk out.

*Calling Attention:*

(1) Shri C. K. Saseendran called the attention of the Chief Minister to the necessity to intensify the ongoing disaster management activities to solve the devastation brought about by monsoon in the northern districts of the State. The Chief Minister made a statement thereto.

(2) Prof. Abid Hussain Thangal called the attention of the Minister for Health and Social Justice to the necessity to take precautionary measures against contagious fever in the State. The Minister made a statement thereto.

KNPP. 1329/2018 (ii).

*Matters raised under Rule 304*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ. വി. കെ. കൃഷ്ണന്റെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | പ്രവാസി പുനരധിവാസവും ക്ഷേമ പെൻഷൻ പദ്ധതിയും | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എസ്. ശബരീനാഥൻ | സായുധസേന എ.ഡി.ജി.പി.യുടെ ഔദ്യോഗിക ഡ്രൈവറെ എ.ഡി.ജി.പി.യുടെ മകൾ മർദ്ദിച്ചത് | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | പട്ടികജാതി ക്ഷേമവകുപ്പിന് കീഴിലുള്ള വർക്കല ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി. |
| 5 | ശ്രീ. എസ്. ശർമ്മ | കുഴിപ്പിള്ളി ബീച്ചിൽ കടലിൽ കളിക്കാനിറങ്ങിയ കുട്ടികളെ കാണാതായത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ജെയിംസ് മാത്യു | കുറുമാത്തൂർ വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുക്കേണ്ട ഭൂമിക്ക് പട്ടയം നല്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ | ജലവിഭവവകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. വി. വിജയദാസ് | പാലക്കാട് ജില്ലയിലെ വരൾച്ചാദുരിതാശ്വാസ ഇൻഷ്വറൻസ് തുക വിതരണം | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീമതി ഗീതാ ഗോപി | തൃപ്രയാർ ഗവ. ആശുപത്രിയിൽ മാമോഗ്രാം സൗകര്യം ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ആശാവർക്കർമാരുടെ വേതനവർദ്ധനവ് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. കെ. ശശി | സർക്കാർ വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ കീഴിലുള്ള റിസോഴ്സ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the table:

(1) The Report of the Comptroller and Auditor General of India on Local Self Institutions for the year 2016-17.

(2) The Report of the Comptroller and Auditor General of India on General Social Sector for the year 2016-17.

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee VI on the A. P. J. Abdul Kalam Technological University (Amendment) Bill,2018.

(2) The Report of the Subject Committee-IX on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-18.

(3) The Periodical Report of Subject Committee-IX as on 31st March 2018.

(4) The Report of the Subject Committee-XIV on the Kerala High Court (Amendment) Bill,2018.

(5) The Report of the Subject Committee-XIV on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-18.

(6) The Periodical Report of the Subject Committee-XIV as on 31st March 2018.

(7) The Twenty Fourth to Twenty Seventh Reports of the Committee on Local Fund Accounts.

(8) The Fifteenth Report of the Committee on Subordinate Legislation.

(9) The Third and Fourth Reports of the Committee on Government Assurances.

*Motion under Rule 218:*

The House adopted the following motion moved by Shri Pinarayi Vijayan, the Chief Minister amend the recommendations in the Twelfth Report of the Business Advisory Committee, adopted by the House on 5th June, 2018:

"2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശകസമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 21-6-2018-ന് സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച പ്രസ്തുത ബില്ലിൻമേലുള്ള പരിഗണന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ കാര്യോപദേശക സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട്, 21-6-2018-ന് സഭ പരിഗണിക്കുവാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 25-6-2018-ലേക്ക് മാറ്റാനും, പകരം 25-6-2018-ന് പരിഗണിക്കുവാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന 21-6-2018-ലേക്ക് മാറ്റാനും ഈ സഭ തീരുമാനിക്കുന്നു."

*Legislative Business:*

I. Introduction and further stages of the Kerala Appropriation (No.3) Bill,2018

DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation (No.3) Bill, 2018 and moved that the Bill be taken up for consideration.

The following Members took part in the discussion:

Shri V. Joy

Shri Roshy Augustine

Shri P. C. George

Shri G. S. Jayalal

Shri M. Ummer

Shri M. Swaraj

Shri A. P. Anil Kumar

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. Then The Kerala Appropriation (No.3) Bill, 2018 taken up for consideration, put to vote and passed.

II. Motion for consideration and further stages of the following Bills as reported by the Subject Committee:

(1) DR. K. T. Jaleel, Minister for Local Self Government, Welfare of Minorities Wakf and Hajj Pilgrimage moved the motion that the Kerala Municipality (Amendment) Bill, 2018, the Kerala Panchayat Raj (Amendment) Bill, 2018 and the Keala Municipality (Second Amendment) Bill, 2018, as reported by the Subject Committee, be taken up for consideration.

Shri Manjalamkuzhi Ali, Shri Anil Akkara, Shri K. S. Sabarinadhan and Shri P. Ubaidulla who had recorded their notes of dissent to the Subject Committee Reports spoke.

Shri K. V. Abdul Khader, as authorised by Smt. Veena George moved an amendment to circulate the Kerala Municipality (Amendment) Bill as reported by the Subject Committee for obtaining public opinion and Shri C. K. Nanu moved another amendment to recommit the Bill to the same Subject Committee and spoke.

Smt. U. Prathibha Hari moved an amendment to circulate the Kerala Panchayat Raj (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Smt. Geetha Gopi moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. C. Joseph, as authorised by Shri I. C. Balakrishnan, moved an amendment to circulate the Kerala Municipality (Second Amendment) Bill, 2018 as reported by the Subject Committee for obtaining public opinion and Smt. Aisha Potty moved another amendment to recommit the Bill to the same Subject Committee and spoke.

After the reply by the Minister, the amendments moved for the Kerala Municipality (Amendment) Bill, 2018 and the Kerala Panchayat Raj (Amendment) Bill, 2018 were withdrawn by the leave of the House. The amendment moved to circulate the Kerala Municipality (Second Amendment) Bill, 2018 for eliciting public opinion, was declared lost and the amendment to recommit the Bill for the same Subject Committee was withdrawn by the leave of the House. Then the Bills were considered clause by clause and Kerala Municipality (Amendment) Bill, 2018 and The Kerala Panchayat Raj (Amendment) Bill 2018 were passed by the House with the following amendments and the Kerala Municipality (Second Amendment) Bill, 2018 was passed without any amendments.

I. <u>The Kerala Municipality (Amendment) Bill, 2018, as reported by sub.committee</u>

*clause 2*

1. ഖണ്ഡം 2(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക;

"(ബി) "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും പകരം, "കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;"

2. ഖണ്ഡം 2 (1)(ബി)-ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടനിർമ്മാണമോ" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

4. പ്രധാന ആക്ടിലെ വകുപ്പ് 407(2)ന ശേഷമുള്ള വിശദീകരണത്തിൽ "വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ" എന്നതിനുപകരം "വിരുദ്ധമായി നിർമ്മിച്ചതോ, കൂട്ടിച്ചേർത്തതോ, പുനർനിർമ്മിച്ചതോ" എന്നാക്കുക.

## II. The Kerala Panchayat Raj (Amendment) Bill, 2018; as reported by Sub.committee

*clause 2*

1. ഖണ്ഡം 2-ൽ

(i) ഉപഖണ്ഡം1(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) "കെട്ടിട നിർമ്മാണമോ"എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;"

(ii) 2-ാം ഉപഖണ്ഡത്തിൽ, "എന്ന വാക്കുകൾ" എന്നതിനു പകരം "എന്ന വാക്കുകളും "പുനർനിർമ്മിച്ചതോ" എന്ന വാക്കിനുശേഷം "കൂട്ടിച്ചേർത്തതോ" എന്ന വാക്കും ചേർക്കേണ്ടതാണ്." എന്ന് ചേർക്കുക.

2. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

The House adjourned at 4.50 p.m. to meet again at 8.30 a.m. on Tuesday, June 19, 2018.

V. K. Babu Prakash,
*Secretary.*